LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് ആൾ ഇന്ത്യ ആക്ടിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റമാണ്. ആ മാറ്റത്തിനനുസൃതമായാണ് തീരുമാനമെടുത്തത്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നമ്മൾ തീരുമാനം ഇൻഫോം ചെയ്തത് മാർച്ച് മാസത്തിലാണ്. അപ്പോഴേയ്ക്കും ചില ആളുകൾ പഴയ പെയിന്റ് തന്നെ റീ പെയിന്റ് ചെയ്തിരുന്നു. പുതിയ പെയിന്റടിക്കണമെന്ന് പറയുമ്പോൾ ബുദ്ധിമുട്ട് വരുമെന്നതുകൊണ്ട് അടുത്ത ടെസ്റ്റിംഗിന് ചെല്ലുന്നതിന് മുമ്പ് ഈ ചെയ്ഞ്ച് വരുത്തിയാൽ മതിയെന്ന പറഞ്ഞു. കാരണം ആൾ ഇന്ത്യ പാറ്റേണിലേക്ക് നമ്മൾ വരികയാണ്. ഓരോ വ്യക്തിക്കും വ്യത്യസ്തമായ ടൈംമിങ്ങാണ് വരിക. അതുകൊണ്ട് അത് വരാതിരിക്കാൻ വേണ്ടി ടെസ്റ്റിംഗ് വരെ നിലവിലെ രീതി തുടരാൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുകയില്ല. ഏതെങ്കിലും പ്രത്യേക കാര്യം അങ്ങേക്ക് തോന്നുന്നുണ്ടെങ്കിൽ എഴുതി തന്നാൽ മതി. നിബന്ധനകൾക്ക് വിരുദ്ധമായി ആരെങ്കിലും ഇടപെടൽ നടത്തിയെങ്കിൽ അതിൽ ഗവൺമെന്റിനും ഇന്റർഫിയർ ചെയ്യാൻ കഴിയും.

(16) അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ മണ്ഡലത്തിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കഴൽമന്ദം മോഡൽ റെസിഡൻഷ്യൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഇതുവരെ ഒരുക്കിയിട്ടില്ല. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സ്കൂൾ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെയും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ല. സ്ഥിരം വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. താത്കാലിക വൈദ്യുതി കണക്ഷനാണ് ഉള്ളത്. ഹോസ്റ്റലിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചിട്ടില്ല. ഹോസ്റ്റൽ, മെസ്ഹാൾ, സ്കൂൾ എന്നിവിടങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. ഹോസ്റ്റലിൽ നിന്നും മെസ്ഹാളിലേക്കും സ്കൂളിലേക്കും പോകുന്നതിനുള്ള വഴി സൗകര്യമില്ല. സ്കൂൾ ഹോസ്റ്റൽ, മെസ് ഹാൾ, ക്ലാസ് റൂം, പഠന മുറി എന്നിവിടങ്ങളിൽ അത്യാവശ്യം വേണ്ട ഫർണിച്ചർ പോലുമില്ല. നിലത്തിരുന്നാണ് കുട്ടികൾ പഠിക്കുന്നതും ഭക്ഷണം കഴിക്കുന്നതും. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സയൻസ് ലാബ് എന്നിവ ഇതുവരെയും സജ്ജീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണം, ഡ്രെയിനേജ് സംവിധാനം എന്നിവയും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തണം. സ്ഥലമുണ്ടെങ്കിലും കളിസ്ഥലം നിർമ്മിച്ചിട്ടില്ല. സ്പോർട്സ് ഉപകരണങ്ങളും നൽകിയിട്ടില്ല. ചുറ്റുമതിൽ നിർമ്മാണവും പൂർത്തിയായിട്ടില്ല. അടുക്കളയിൽ ഉപയോഗിക്കുന്ന ഗ്യാസ് സിലിണ്ടറിന്റെയും ഗ്യാസ് സ്റ്റൗവിന്റെയും എണ്ണം വളരെ പരിമിതമാണ്. 25 കിലോമീറ്റർ അകലെയുള്ള ആലത്തൂരിലെ ഭാരത് ഗ്യാസ് ഏജൻസിയിൽ നിന്നാണ് ഗ്യാസ് സിലിണ്ടർ എടുക്കുന്നത്. സ്കൂളിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെ പെരിങ്ങോട്ടുകുറിശ്ശിയിൽ ഐ.ഒ.സി.-യുടെ പുതിയ ഗ്യാസ് ഏജൻസി ആരംഭിച്ചിട്ടുണ്ട്. അവിടെ നിന്നും സിലിണ്ടർ എടുക്കാവുന്നതാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഏറ്റവും നല്ല സ്കൂളാണ് ഇത്. 10-12 കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിച്ച മനോഹരമായ കെട്ടിടമാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ അവിടെയില്ല. കിറ്റ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് കരാർ ഏൽപ്പിച്ചത്. അവർ സബ്കോൺട്രാക്ടറെ ഏൽപ്പിച്ചു. ഇപ്പോൾ കിറ്റ്കോയും സബ്കോൺട്രാക്ടറും ആരുമില്ല. നൂറ് ശതമാനം വിജയമാണ് ഇവിടെയുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളും മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുറച്ച് കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ച് പണി പൂർത്തീകരിച്ചാൽ നല്ല പ്രവർത്തനം നടത്താൻ കഴിയും. ഈ സ്കൂളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഏർപ്പെടുത്തി നല്ല നിലയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ സ്കൂൾ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പുതിയ കെട്ടിടത്തിൽ 1-11-2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ എം.ആർ.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 8.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം, ഭക്ഷണം, പഠന സൗകര്യം എന്നിവ നൽകി മികച്ച വിദ്യാഭ്യാസം നൽകി വരുന്നു. 5 മുതൽ 9 വരെയുള്ള ക്ലാസുകളിലാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ അദ്ധ്യയനം നടന്നു വരുന്നത്. കുഴൽമന്ദം എം.ആർ.എസ്.-ന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഗ്യാസ് ഇൻസ്റ്റലേഷൻ, എമർജൻസി ലാമ്പ്, ഗ്രൈന്റർ, ഫർണിച്ചർ, ബെഡ്, പില്ലോ, ടി. വി, ഫ്രിഡ്ജ്, സ്റ്റെബിലൈസർ, മോട്ടോറുകൾ, സോളാർ ലൈറ്റിംഗ് സിസ്റ്റം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ 10.42 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ വില വരുന്ന ഫർണിച്ചറുകൾ വങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കഴൽമന്ദം എം.ആർ.എസ്-ൽ ആകെയുള്ള 17 ജീവനക്കാരിൽ 6 പേർ സ്ഥിരവും ബാക്കിയുള്ള 11 പേർ കരാർ ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്യുവരുന്നു. നിയമനങ്ങൾ നടത്താനുള്ള നടപടികൾ ഗവൺമെന്റ് നടപ്പാക്കി വരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചുറ്റുമതിൽ നിർമ്മാണം, കമ്പിവേലി സ്ഥാപിക്കൽ, അഴുക്കുചാൽ നിർമ്മാണം, ഗ്രൗണ്ട് സജ്ജീകരിക്കൽ, ക്വാർട്ടേഴ്സ് നിർമ്മാണം, ഹോസ്റ്റലിലെ കബോർഡ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, വൈദ്യുതീകരണം പൂർത്തീകരിക്കൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടറുകൾ തുടങ്ങിയ അക്കാദമിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ മീറ്റിംഗ് നടത്തി ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(17) മായം ചേർക്കൽ തടയൽ

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭക്ഷ്യവസ്തുക്കളുടെ ശുചിത്വം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ധാന്യവിഭവങ്ങൾ എന്നിവയിലെ വിഷ സാന്നിധ്യം, പാൽ, മുട്ട തുടങ്ങിയവയിലെ മായം ചേർക്കൽ എന്നീ കാര്യങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നതിനും ഫലപ്രദമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി നഗരസഭകളിലെ ആരോഗ്യപരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴം പച്ചക്കറിവർഗ്ഗങ്ങൾ, മത്സ്യമാംസാദികൾ തുടങ്ങിയവ കേടുകൂടാതെ അധിക ദിവസം സൂക്ഷിക്കുന്നതിനു വേണ്ടി മാരകമായ വിഷവസ്തുക്കൾ ചേർക്കുന്നതായി വ്യാപകമായ പരാതികൾ ഉയർന്നു വരികയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ മാരകമായ വിഷവസ്തുക്കൾ ഉപയോഗിക്കുന്നതായി പറയപ്പെടുന്നു. അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മാങ്ങയുൾപ്പെടെയുള്ള പഴവർഗ്ഗങ്ങൾ മാസങ്ങളോളം കേടുകൂടാതെയിരിക്കുകയാണ്. അത്രയും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതു കൊണ്ടാണ് മാസങ്ങളോളം സൂക്ഷിക്കാൻ കഴിയുന്നത്. പരിചയമുള്ള കടയിൽ ചെന്ന് മാങ്ങയോ മറ്റ് പഴവർഗ്ഗങ്ങളോ ചോദിച്ചാൽ പരിചയമുള്ളവരോട് കൊണ്ടുപോകണ്ടായെന്ന് ചില കടക്കാർ പറയാറുണ്ട്. അത് മായം ചേർത്തതാണെന്ന് കച്ചവടക്കാർക്കുപോലും അറിയാവുന്നതുകൊണ്ടാണ് പരിചയക്കാരോട്